"ഭരണഭാഷ മാതൃഭാഷ"

WEC5-1010/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 25.04.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - ക്ഷേമസ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റി രസീതുകൾ - സംബന്ധിച്ച്

സൂചന: ക്ഷേമസ്ഥാപന സൂപ്രണ്ടുമാരുടെ 03.01.2020 ലെ മീറ്റിംഗ്

വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ പേരിൽ അച്ചടിച്ച മാനേജ്മെന്റ് കമ്മിറ്റി രസീതുകളാണ് ഉപയോഗിച്ച് വരുന്നത്. ടി രസീതുകൾ നൽകേണ്ടി വരുന്ന സന്ദർഭങ്ങളിൽ വനിത ശിശു വികസന വകുപ്പിന്റെ സീൽ പതിപ്പിച്ചാണ് നൽകി വരാറുള്ളത്. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് പ്രത്യേക വകുപ്പായി രൂപീകൃതമായ സാഹചര്യത്തിൽ മേൽപ്പറഞ്ഞ നടപടി സാങ്കേതികവും നിയമപരവുമായ നിരവധി ബുദ്ധിമുട്ടുകൾക്ക് ഹേതുവാകുന്നുണ്ട്.

മേൽ സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റി രസീതുകളിൽ വകുപ്പിന്റെ പേരും എംബ്ലവും രേഖപ്പെടുത്തി മാനേജ്മെന്റ് കമ്മിറ്റി മുഖേന ലഭിക്കുന്ന തുക വിനിയോഗിച്ച് പുതിയ രസീത് ബുക്കുകൾ VTC മുഖേന പ്രിന്റ് ചെയ്യുന്നതിന് മാനേജ്മെന്റ് കമ്മിറ്റി തീരുമാനമെടുത്ത് അടിയന്തിരമായി അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Sende

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

P/20